"ഭരണഭാഷ – മാതൃഭാഷ"
(കേരളം സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-695033
ഇ മെയിൽ: cru.dttvpm@kerala.gov.in, ഫോൺ നമ്പർ : 0471-2303856

**നമ്പർ: DT/1997/2026-C1-Part(2)** **തീയതി: 15-09-2026**

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - ഐടിഐ പ്രവേശനം 2026 - അഡ്മിഷൻ ക്ലോസിംഗ് ജോലികൾക്ക് തുടർനിർദേശം നൽകുന്നത്- സംബന്ധിച്ച്.

സൂചന :-
1. 17.08.2026 ലെ DT/1997/2026-C1-Part(2) നമ്പർ ഉത്തരവ്.
2. DGT യിൽ നിന്നുള്ള 01/09/2026 തീയതിയിലെ DGT-MIS011/1/2025-O/o DIR (TC) [77713] നമ്പരായ കത്ത്.
3. 02.09.2026 ലെ DT/1997/2026-C1-Part(3) നമ്പർ ചുറ്ററിയിപ്പ്.
4. 05-09-2026ലെ DT/1997/2026-C1-Part(2) നമ്പർ ചുറ്ററിയിപ്പ്.
5. WP(C) 25435/2026 filed by Kerala Private ITI Managers Association & Others.

*****************

സൂചന (2) പ്രകാരം ഐടിഐകളിലെ അഡ്മിഷൻ നടത്തുന്നതിനുള്ള സമയം 07.09.2026 വരെ ദീർഘിപ്പിച്ചു നൽകുകയും, അതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം വിവരം ഐടിഐകളെ അറിയിക്കുകയും ചെയ്തിരുന്നു.

എല്ലാ സർക്കാർ/ സ്വകാര്യ ഐടിഐകളും, 2026 പരിശീലന വർഷത്തേക്കുള്ള ഐടിഐ പ്രവേശനത്തിനായി ഉദ്ദേശിക്കുന്ന എല്ലാ NCVET അഫിലിയേറ്റഡ് ട്രേഡ് /യൂണിറ്റ് കളിലേക്കും ഇൻസ്ട്രക്ടർ രജിസ്ട്രേഷൻ/ അംഗീകാരം /മാപ്പിംഗ് എന്നിവ DGT നിർദ്ദേശിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ തന്നെ നിർബന്ധമായും പൂർത്തിയാക്കണമെന്നും, അത്തരത്തിൽ ഇൻസ്ട്രക്ടർ രജിസ്ട്രേഷൻ പൂർത്തിയാക്കാത്ത/ PRN ലഭിക്കാത്ത ട്രേഡ് /യൂണിറ്റുകൾ സീറ്റ് മെട്രിക്സിൽ പ്രതിഫലിക്കുകയില്ലയെന്നും, 2026 പരിശീലന വർഷം അത്തരം ട്രേഡ് / യൂണിറ്റുകളിലേക്കു പ്രവേശനം അനുവദിക്കുന്നതല്ലായെന്നും DGT 14.08.2026 തീയതിയിലെ File No. DGT-MIS013/2/2023-O/o DIR (TC) [57369] നമ്പരായ അറിയിപ്പിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ, അഡ്മിഷൻ ക്ലോസിംഗ് ഉദ്യോഗസ്ഥർ ഓരോ ഐടിഐകൾക്കും DGT യിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള സീറ്റ് മെട്രിക്സ് പ്രകാരമുള്ള സീറ്റുകളിലേക്കുള്ള അഡ്മിഷൻ മാത്രം ക്ലോസ് ചെയ്യേണ്ടതാണ്.

കൂടാതെ **DGT** നൽകിയിട്ടുള്ള സീറ്റ് മെട്രിക്സ് പ്രകാരമുള്ള സീറ്റുകളിലെ **Data** മാത്രമേ ജാലകം പോർട്ടലിൽ ലോക്ക് ചെയ്യാൻ പാടുള്ളൂ എന്ന കർശന നിർദ്ദേശവും തരുന്നു.

**NIMS** പോർട്ടലിൽ **DGT** നിർദേശിച്ച ഇൻസ്ട്രക്ടർ രജിസ്ട്രേഷൻ/മാപ്പിംഗ് പൂർത്തീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിൽ **DGT** യുടെ അഡ്മിഷൻ സീറ്റ് മെട്രിക്സ് ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. ഇപ്രകാരമുള്ള സീറ്റുകളിലേക്ക് ഏതെങ്കിലും സ്ഥാപനങ്ങൾ അഡ്മിഷൻ നടത്തിയിട്ടുണ്ടെങ്കിൽ, സൂചന **(5)** പ്രകാരം കോടതി വ്യവഹാരങ്ങൾ ഈ വിഷയത്തിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ, ടി അഡ്മിഷനുമായി സ്വീകരിക്കേണ്ട തുടർ നടപടികൾ ബഹു. കോടതിയുടെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണ്.

Digitally signed by
D MENEKSH PRASAD
Date: 15-09-2026
14:08:49

**അഡീഷണൽ ഡയറക്ടർ**

സ്വീകർത്താവ് : എല്ലാ സർക്കാർ/സ്വകാര്യ/**SCDD/STDD** ഐടിഐ/ബിറ്റിസി പ്രിൻസിപ്പൽമാർ.

പകർപ്പ് :

1. ജോയിന്റ് ഡയറക്ടർ, മേഖല കേന്ദ്രം, കണ്ണൂർ
2. എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും.
3. മാനേജർ, ഇ-ഗവേർണൻസ് (വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. സ്റ്റോക്ക് ഫയൽ **(C1)**